**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 5838**
**19.11.2019-ന് മറുപടി നൽകേണ്ടത്**

**<u>കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ</u>**

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ.കെ.ജെ.മാക്സി | ഡോ. റ്റി.എം.തോമസ് ഐസക്, ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| എ | കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ (കെ.എഫ്.സി) എത്ര ശാഖകളിലൂടെ ബിസിനസ് സംരംഭകർക്ക് വായ്പ നൽകുന്നു; | കേരളാ ഫിനാൻഷ്യൽ കോർപ്പറേഷന്റെ (കെ.എഫ്.സി) 16 ശാഖകളിലൂടെ ബിസിനസ് സംരംഭകർക്ക് വായ്പ നൽകുന്നു |
| ബി | 2018-19 സാമ്പത്തിക വർഷം ഇത്തരത്തിൽ എത്ര കോടി രൂപ വായ്പ നൽകുകയുണ്ടായി; എത്ര ബിസിനസ് സംരംഭകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; വ്യക്തമാക്കുമോ; | 2018-19 സാമ്പത്തിക വർഷത്തിൽ 1645.01 കോടി രൂപ വായ്പ അനുവദിക്കുകയുണ്ടായി. ഇതിന്റെ പ്രയോജനം 885 ബിസിനസ് സംരംഭകർക്ക് ലഭിച്ചു. |
| സി | 2018-19 സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപ കെ.എഫ്.സി. ക്ക് ലാഭം കിട്ടി; അതിൽ എത്ര കോടി രൂപ സർക്കാരിന് വിഹിതമായി നൽകി; | 2018-19 സാമ്പത്തിക വർഷത്തിലെ അറ്റാദായം 17.70 കോടി രൂപയും സർക്കാരിന് നൽകിയ ലാഭവിഹിതം 1.10 കോടി രൂപയും ആകുന്നു. |
| ഡി | നിലവിൽ കെ.എഫ്.സി. ക്ക് വായ്പയിനത്തിൽ എത്ര കോടി രൂപയാണ് കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ളത്; എപ്രകാരമാണ് കെ.എഫ്.സി കുടിശ്ശിക പിരിച്ചെടുക്കുന്നത്; വിശദമാക്കുമോ? | കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും വായ്പ അനുവദിച്ചിട്ടുള്ള യൂണിറ്റുകളിൽ നിന്നുമുള്ള മൊത്തം നിഷ്ക്രിയ ആസ്തി തുക 31.03.2019 ലെ കണക്കുപ്രകാരം 155 കോടി രൂപ ആകുന്നു. കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ, 1951-ലെ സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ ആക്ട് പ്രകാരമുള്ള റിക്കവറി നടപടികളും, സർഫാസി, ഡെറ്റ്സ് റിക്കവറി ട്രിബ്യൂണൽ (DRT) വഴിയുള്ള റിക്കവറി നടപടികളും നിലവിലുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും നിലവിലുണ്ട്. |

**സെക്ഷൻ ഓഫീസർ**